## ക്യാൻസർ ബോധന-നിയന്ത്രണ ചികിത്സാ പദ്ധതി

60 (749) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്യാൻസർ ബോധന - നിയന്ത്രണ ചികിൽസാ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്ന ജനവിഭാഗങ്ങളിൽ ഫീൽഡ് തലത്തിൽ ക്യാൻസർ രോഗനിർണ്ണയവും ബോധവൽക്കരണവും, രോഗം കണ്ടെത്തുന്നവർക്ക് ക്യാൻസർ സെന്ററുകൾവഴി ചികിത്സ നൽകൽ എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. മുൻകൂട്ടി കണ്ടെത്താൻ സാദ്ധ്യമായതും പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്നതുമായ സ്തനാർബുദം, വദനാർബുദം, ഗർഭാശയ ക്യാൻസർ എന്നീ ക്യാൻസറുകളാണ് ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആശാ പ്രവർത്തകരിലൂടെ രോഗ ലക്ഷണങ്ങൾ ഉള്ളവരെ കണ്ടെത്തി പി.എച്ച്.സി./സി.എച്ച്.സി. തലത്തിൽ രോഗനിർണ്ണയം നടത്തി രോഗികളെ മുൻകൂട്ടി കണ്ടെത്തി ചികിത്സിക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രവർത്തന രീതി.

(സി) 2013-14-ലെ ബഡ്ജറ്റ് പ്രസംഗത്തിലാണ് ഈ പദ്ധതി അവതരിപ്പിച്ചത്. തുടർന്ന് ആരോഗ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ആർ.സി.സി. യുടെയും ആരോഗ്യവകുപ്പിന്റെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത ഉന്നതതല മീറ്റിംഗ് കൂടുകയും ക്യാൻസർ സെന്ററിനോട് പദ്ധതി തയ്യാറാക്കാൻ ആവശ്യപ്പെടുകയും ചെയ്തു. ആർ.സി.സി. നൽകിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ എഴുപത്

LIBRARY ARCHIVES Kerala Legislative Assembly

(70) ഡോക്ടർമാർക്കും തൊണ്ണൂറ്റി അഞ്ച് (95) നഴ്സുമാർക്കും റീജണൽ ക്യാൻസർ സെന്ററിൽ പരിശീലനം നൽകുകയുണ്ടായി. ആദ്യ ഘട്ടത്തിൽ ആറ് ജില്ലകളിൽ ഈ പദ്ധതി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു എന്നാൽ ഫണ്ട് ലഭിക്കാത്തതിനെ ഉടർന്ന് എൻ.സി.ഡി. പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുകയുണ്ടായി. കുടുംബശ്രീയുമായി സഹകരിച്ച് "സ്വാസ്ഥ്യം" പദ്ധതി പത്തനംതിട്ട ജില്ലയിൽ നടന്നുവരുന്നുണ്ട്. നാഷണൽ സേവിംഗ്സ് സ്കീം പ്രവർത്തകർക്ക് പരിശീലനം നൽകുകവഴി അവർ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വീടുവീടാന്തരം ക്യാൻസർ നിയന്ത്രണ-പ്രതിരോധ സന്ദേശം എത്തിക്കുവാൻ ശ്രമിക്കുന്നുണ്ട്. ഇതുകൂടാതെ സംസ്ഥാന ആരോഗ്യവകുപ്പിന്റെ കീഴിൽ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നുണ്ട്.

**പതിനെട്ട വയസിന് താഴെയുള്ളവർക്ക് സൗജന്യ ചികിത്സ**

61 (750) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട വയസിന് താഴെയുള്ളവർക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യ ചികിൽസ നൽകുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ആർ.ബി.എസ്.കെ. ആരോഗ്യകിരണം പദ്ധതികളുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു: ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്കുണ്ടാകുന്ന എല്ലാ രോഗങ്ങൾക്കുമുള്ള ചികിത്സ ലഭ്യമാക്കുക എന്നത് ഈ പദ്ധതികളുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതികൾ നടപ്പിലാക്കിയതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് വലിയ ആശ്വാസം നൽകുന്നതിനോടൊപ്പം അവരെ മാനസികമായും സാമൂഹികമായും ഉന്നതിയിലേക്ക് നയിക്കുന്നതിനും സാധിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly